<u>പ്രത്യേക പരാമർശം</u>

പ്രതിപക്ഷനേതാവ് <u>(ശ്രീ. വി. എസ്. അച്ചുതാനന്ദൻ):</u> സർ, ഞാൻ ഇന്നലെ നിയമസഭയിൽ ചട്ടം 303 അനുസരിച്ച് കോട്ടൺഹിൽ സ്കൂളിലെ പ്രധാന അദ്ധ്യാപികയുടെ സ്ഥലംമാറ്റം സംബന്ധിച്ച പ്രശ്നം ഉന്നയിച്ചിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യം പരിഗണിക്കാമെന്ന് ഉറപ്പുനൽകിയിരുന്നു. പട്ടികജാതിക്കാരിയും രോഗിയുമായ പ്രധാനാദ്ധ്യാപികയുടെ സ്ഥലം മാറ്റം പിടിവാശി ഉപേക്ഷിച്ച് റദ്ദാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കോട്ടൺഹിൽ സ്കൂളിലെ പ്രധാന അദ്ധ്യാപികയുടെ സ്ഥലംമാറ്റം ഒറ്റപ്പെട്ട സംഭവമല്ല. എറണാകുളം ജില്ലയിൽ സമാനമായ രീതിയിൽ മൂന്ന് പ്രധാന അദ്ധ്യാപകരെ സ്ഥലം മാറ്റിയിരിക്കുന്നതായി ഇന്നത്തെ പത്രത്തിൽ വാർത്തകൾ വന്നിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പ് എന്തിനാണ് അദ്ധ്യാപകരോട് ശത്രുതയോടെന്നപോലെ പെരുമാറുന്നത്. 15 ദിവസത്തിനുള്ളിൽ വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടിട്ട് 3 ദിവസത്തിനുള്ളിൽ നടപടിയെടുക്കുകയല്ലേ ചെയ്തത്; ഇത് സ്വാഭാവിക നീതിയുടെ നിഷേധമല്ലേ? ഇത് ഞാൻ ഇന്നലെയും ആവർത്തിച്ച് ചൂണ്ടിക്കാട്ടിയതാണ്. എന്നാൽ മുഖ്യമന്ത്രിയോ വിദ്യാഭ്യാസ വകുപ്പുമന്ത്രിയോ ഇതിന് മറുപടി പറഞ്ഞില്ല. ചട്ടവും നിയമവും സാമാന്യനീതിയുമൊക്കെ ലംഘിച്ച് മന്ത്രിയും വിദ്യാഭ്യാസ വകുപ്പുമല്ലേ ഇവിടെ പ്രവർത്തിച്ചിരിക്കുന്നത്; തെറ്റന്ന് ബോധ്യപ്പെട്ടാൽ ഞങ്ങൾ തിരുത്തും എന്നല്ലേ മുഖ്യമന്ത്രിയും സർക്കാരും പറഞ്ഞുകൊണ്ടിരിക്കുന്നത്? കോട്ടൺഹിൽ സ്കൂളിലെ പ്രധാനാദ്ധ്യാപികയെ സ്ഥലം മാറ്റിയത് തികച്ചും തെറ്റാണെന്നാണ് കേരളത്തിന്റെ മനസ്സ് പറയുന്നത്. അത് നമ്മുടെ പത്ര-ദൃശ്യ മാധ്യമങ്ങൾ ശ്രദ്ധിക്കുന്നവർക്ക് മനസ്സിലാകും. അതുകൊണ്ട് അർത്ഥശൂന്യ

മായ പിടിവാശിയും പ്രതികാരബുദ്ധിയും ഉപേക്ഷിച്ച് അവരുടെ സ്ഥലംമാറ്റം റദ്ദാക്കണം. അതാണ് മാന്യത. ഒരു പ്രധാനാദ്ധ്യാപിക, സ്ത്രീ, രോഗി എന്നീ നിലകളിലെല്ലാമുള്ള ഒരു പാവപ്പെട്ട അദ്ധ്യാപികയുടെ പ്രശ്നമാണ്. അത് സംബന്ധിച്ച് വളരെ സന്മനോഭാവത്തോടുകൂടി ഈ പ്രശ്നം ഗവണ്മെന്റ് വീക്ഷിക്കണം. അതിന് വിദ്യഭ്യാസവകുപ്പു മന്ത്രിയും മുഖ്യമന്ത്രിയും മുൻകയ്യെടുക്കണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ഈ അദ്ധ്യാപികയ്ക്ക് ഈ കാര്യത്തിൽ പരാതിയുണ്ടെങ്കിൽ അപ്പീൽ കൊടുക്കുക, അപ്പീൽ കൊടുത്താൽ അത് പരിശോധിക്കും, പരിഗണിക്കും എന്ന് ഞാൻ ഇന്നലെത്തന്നെ പറഞ്ഞു. അതിൽതന്നെയാണ് ഉറച്ചുനിൽക്കുന്നത്. എല്ലാ നടപടിക്രമങ്ങളും പാലിച്ചുതന്നെയാണ് ഇങ്ങനെയൊരു തീരുമാനമെടുത്തിട്ടുള്ളത്. അവിടെ എൻക്വയറി നടത്തി നടപടി എടുക്കാൻ പറഞ്ഞു...................(ബഹളം).............

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, 15 ദിവസത്തിനുള്ളിൽ മറുപടി തരണമെന്നുപറഞ്ഞ് അവർക്കൊരു നോട്ടീസ് കൊടുത്തിട്ടുണ്ട്. ഈ 15 ദിവസം കാത്തിരിക്കാതെ എങ്ങനെ നടപടിയെടുത്തു; ആര് അന്വേഷിച്ചു; 15 ദിവസം കാത്തിരിക്കണ്ടേ; അവരുടെ മറുപടി കേൾക്കാതെ നടപടിടെയുത്തത് ശരിയാണോ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇന്നലേയും ഇത് പറഞ്ഞു. 15 ദിവസത്തേയ്ക്ക് നോട്ടീസ് കൊടുത്തു. അച്ചടക്കനടപടി എടുക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ മറുപടി തരാനാണ് നോട്ടീസ് കൊടുത്തത്. ഇത് അച്ചടക്കനടപടിയല്ല. ഇത് അഡ്മിനിസ്ട്രേറ്റീവായിട്ടുള്ള

ഒരു സ്റ്റെപ്പാണ്. സ്ഥലംമാറ്റമാണ്..............(ബഹളം)................ നിങ്ങൾ അങ്ങനെയൊന്നും പറയണ്ട. ഞാൻ ഇന്നലെ പറഞ്ഞല്ലോ, ഒരന്വേഷണംപോലും നടത്താതെ ഒരു പ്രിൻസിപ്പിളിനെയും വൈസ് പ്രിൻസിപ്പിളിനെയും ടെലിഫോണിൽ സംസാരിച്ചതിന്റെപേരിൽ സ്ഥലംമാറ്റിയവരാണ് നിങ്ങൾ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, അന്ന് പ്രതിപക്ഷനേതാവ് അങ്ങായിരുന്നില്ലേ. അങ്ങ് ഒരാക്ഷേപംപോലും അന്ന് ഈ നിയമസഭയിൽ പറഞ്ഞില്ലല്ലോ. അങ്ങനെയാക്ഷേപമുണ്ടയിരുന്നുവെങ്കിൽ ഞങ്ങൾ അത് റദ്ദാക്കുമായിരുന്നു.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ജനപ്രതിനിധികളോട് പെരുമാറുന്നതിൽ മാന്യത പുലർത്തണമെന്ന് അന്ന് നിങ്ങൾ പറഞ്ഞു. ഞങ്ങൾ അതിനോട് യോജിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അന്ന് പ്രതിപക്ഷ നേതാവ് അങ്ങായിരുന്നില്ലേ. അങ്ങ് ഒരു ആക്ഷേപംപോലും ഈ നിയമസഭയിൽ പറഞ്ഞില്ലല്ലോ. അങ്ങനെ ആക്ഷേപമുണ്ടെങ്കിൽ ഞങ്ങൾ അത് റദ്ദാക്കുമായിരുന്നു.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അന്ന് നിങ്ങൾ പറഞ്ഞത് ജനപ്രതിനിധികളോട് പെരുമാറുന്നതിൽ മാന്യത പുലർത്തണമെന്നാണ്. ഞങ്ങൾ അതിനോട് യോജിച്ചു. .........(ബഹളം)......... നിയമസഭയുള്ളപ്പോഴല്ലേ അത് ഉന്നയിക്കാൻ കഴിയൂ. ഇവിടെ ഒരു സമരം നടത്തിയപ്പോൾ ഒരു മന്ത്രിക്കെതിരെ ഒരു സിനിമാപ്പാട്ട് പാടിയതിന്റെ പേരിൽ ആളെ സസ്പെന്റ് ചെയ്തവരാണ് നിങ്ങൾ. ഒരു പാട്ട് പാടിയതിന്റെ പേരിൽ നടപടി എടുത്തവരാണ് നിങ്ങൾ. ........(ബഹളം)....... അപ്പോൾ സസ്പെൻഡ്

ചെയ്തത് അംഗീകരിച്ചു. ഒരു പാട്ട് പാടിയതിന്റെ പേരിൽ ..........(ബഹളം)......... സസ്പെന്റ് ചെയ്തോ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഞങ്ങൾ നടപടിയെടുത്തതായി അങ്ങ് പറഞ്ഞു. അതുപോലെതന്നെ പൊതുജനാഭിപ്രായം വന്നപ്പോൾ തിരുത്തുകയും ചെയ്തു. അത് അങ്ങ് പറയുന്നില്ല. അതുപോലെ തന്നെയാണ് ഈ പ്രശ്നം. ഒരു ഹരിജൻ സ്ത്രീ, ക്യാൻസർ രോഗി, ഹെഡ്മിസ്ട്രസ്, ആ സ്കൂളിന് ഇത്തവണത്തെ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് 92 ശതമാനം മാർക്ക് കിട്ടത്തക്കവിധമുള്ള അതിസമർത്ഥയായ അദ്ധ്യാപിക. വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് തെറ്റ് പറ്റിയിട്ടുണ്ട്. ആ നിലയിൽ അത് rethink ചെയ്യാനുള്ള സമയവുമുണ്ടെന്നുള്ള അടിസ്ഥാനത്തിൽ 15 ദിവസത്തേയ്ക്ക് നോട്ടീസ് കൊടുത്തശേഷം മൂന്നാമത്തെ ദിവസം സ്ഥലംമാറ്റം. അത് അപമാനകരമല്ലേ? അതുകൊണ്ട് ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട ഗവൺമെന്റ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും; നിങ്ങൾ രണ്ടുപേരും നേതൃത്വം കൊടുത്തുകൊണ്ട് ഇക്കാര്യത്തിൽ അയവ് വരുത്തണമെന്ന് ഞാൻ വിനീതമായി വീണ്ടും വീണ്ടും അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇന്നലെ പറഞ്ഞ നേരംതന്നെ സമ്മതിച്ചല്ലോ. ഇതുസംബന്ധിച്ച് ഗവൺമെന്റിന് അപ്പീൽ കിട്ടിയാൽ അത് പരിശാധിക്കും, പരിഗണിക്കുമെന്ന് പറഞ്ഞു. ഞാൻ അത് വീണ്ടും ആവർത്തിക്കുന്നു. .........(ബഹളം)..........

ശ്രീ. സി. ദിവാകരൻ: സഭയിൽ പ്രതിപക്ഷം ആവശ്യപ്പെട്ടാൽ പിന്നെ ഏത് അപ്പീൽ.....

മി. സ്പീക്കർ: പ്ലീസ്..... ചെയറിന് ഒരു കാര്യം പറയാനുണ്ട്. ..........(ബഹളം)......... പ്ലീസ്..... ശ്രീ. സി. ദിവാകരൻ പ്ലീസ്.... എന്തുവേണമെന്ന് തീരുമാനിക്കേണ്ടത് നിങ്ങളാണ്. ഇന്നലെ ഇക്കാര്യം പറഞ്ഞു. ഇന്നലെ ഭരണപരമായ നടപടി മാത്രമാണെടുത്തത്. തീർച്ചയായും പരിഗണിക്കേണ്ടതുണ്ടെങ്കിൽ പരിഗണിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും പറഞ്ഞു. മറ്റൊരു കാര്യം, ഇത് അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന് മുന്നിലുള്ള കേസാണ്. It is pending before the Court. .........(ബഹളം)......... അതുകൊണ്ട് ചർച്ച ചെയ്യാൻ പാടില്ല. ഞാൻ ഇതൊരു സ്പെഷ്യൽ കേസെന്ന നിലയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് തന്നതിന്റെ അടിസ്ഥാനത്തിൽ ..........(ബഹളം)......... അതു കൊണ്ടെന്താണെന്നോ? നോ...നോ.. അങ്ങനെയൊന്നും ചോദിക്കരുത്. അങ്ങ് ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ആളാണ്. ..........(ബഹളം)......... ആവശ്യമില്ലാതെ കാര്യങ്ങൾ തർക്കിക്കണ്ട. ഇത് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് തന്നതുകൊണ്ട് മാത്രം അവതരിപ്പിക്കാൻ അനുവദിച്ചതാണ്. മുഖ്യ മന്ത്രി മറുപടിയും പറഞ്ഞു. ..........(ബഹളം)......... ഞാൻ പിന്നെ എന്താണ് വേണ്ടത്?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, നമ്മുടെ ഒരു മന്ത്രി ഒരു പരിപാടിക്ക് ലേറ്റായി ചെന്നു. എന്നിട്ട് അതിന്റെ പേരിൽ സസ്പെന്റ് ചെയ്യലാണോ? നടപടി എടുക്കലാണോ, സ്ഥലം മാറ്റലാണോ? 1987-ൽ ഇതിന് സമാനമായ ഒരു സംഭവം കൊച്ചിയിലുണ്ടായി. മന്ത്രിയായിരുന്ന വിശ്വനാഥമേനോൻ ഒരു പരിപാടിയിൽ ലേറ്റായി ചെന്നു. അവിടത്തെ ഡി.ഡി. അതിനെതിരായി സംസാരിച്ചു. വിശ്വനാഥമേനോൻ ചെയ്തത്, നിങ്ങളുടെ

വിമർശനം ശരിയാണെന്ന് പറഞ്ഞുകൊണ്ട് വിമിർശിച്ച ഡി.ഡി.–യെ പ്രകീർത്തിക്കുകയാണ് ചെയ്തത്. അതാണ് കേരളത്തിൽ എൽ.ഡി.എഫ്. കാണിച്ച പാരമ്പര്യം. അതിന് വിരുദ്ധമായി ഒരു മന്ത്രി മൂന്നുമണിക്കൂർ ലേറ്റാ യിട്ട്, കുട്ടികൾക്ക് വിഷമമുണ്ടായെന്ന് ഹെഡ്മിസ്ട്രസ് പറഞ്ഞാൽ ഉടനെ സ്ഥലം മാറ്റലാണോ? 35 കി.മീ. ദൂരത്തേയ്ക്കാണോ സ്ഥലം മാറ്റുന്നത്. ..........(ബഹളം)......... ഇത് എന്ത് അഡ്മിനിസ്ട്രേറ്റീവ് നടപടിയുടെ ഭാഗമാണ്. ഭരണപരമായ നടപടി എന്നുപറഞ്ഞാൽ, ഇത് എന്ത് ഭരണപരമായ നടപടിയാ ണ്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് വിഷയം അവതരിപ്പിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞു. ഇന്നലെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയും മറുപടി പറഞ്ഞു. ഇതിനപ്പുറം ചെയറിന് ഒന്നും പറയാനില്ല. .........(ബഹളം)......... നിങ്ങൾ ഒരു വാശിയിലാണെങ്കിൽ നിങ്ങൾ പറയുക. എന്തെങ്കിലും പറയാൻ വേണ്ടിയാണെങ്കിൽ പറയുക. പറയേണ്ട കാര്യങ്ങൾ മുഖ്യമന്ത്രി മറുപടി പറഞ്ഞു. യെസ്......യെസ് ..........(ബഹളം).........

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം പ്രതിപക്ഷനേതാവിന്റെ ഇരിപ്പിടത്തിനു സമീപം വന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു)

<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u>: ഞങ്ങൾ ഞങ്ങളുടെ സീറ്റിൽ തന്നെയിരുന്ന് പ്രതിഷേധിക്കും. സഭാനടപടിയുമായി സഹകരിക്കില്ല.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ അവരവരുടെ ഇരിപ്പിടങ്ങളിൽ ഇരുന്ന് സീറ്റുകളിലിരുന്ന് മുദ്രവാക്യം മുഴക്കി പ്രതിഷേധം രേഖപ്പെടുത്തി.)